"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - നഗരകാര്യം - ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറി ശ്രീ.എ.പ്രവീണിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയം ഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.94/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2020

---

പരാമർശം:- കണ്ണൂർ ജില്ലാ കളക്ടറുടെ 05.12.2019 തീയതിയിലെ ഡി.സി.കെ.എൻ.ആർ./301/2019/എ.3 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്ന ഹരിതകേരളം മിഷന്റെ ശുചിത്വമാലിന്യസംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകണ്ഠപുരം നഗരസഭയിലെ വനിതാ വ്യവസായ യൂണിറ്റിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്ലാന്റിനെതിരെ ഉയർന്ന പ്രതിഷേധം സംബന്ധിച്ച് ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ഫീൽഡ് സന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28.11.2019- ന് 4 മണിക്ക് ജില്ലാ കളക്ടറുടെ ചേമ്പറിൽ വിളിച്ചു ചേർത്ത യോഗത്തിൽ ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറി പങ്കെടുക്കാത്തതിനാൽ യോഗം നടത്താൻ സാധിച്ചില്ല എന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് മുനിസിപ്പൽ സെക്രട്ടറി എന്ന നിലയിൽ ടിയാൻ യാതൊരുവിധ ഇടപെടലും നടത്തിയിട്ടില്ലെന്നും, പ്രസ്തുത വിഷയം ഇത്ര രൂക്ഷമാക്കിയത് സെക്രട്ടറിയുടെ നിഷേധാത്മക നിലപാടിനാലാണെന്നും നഗരസഭാ ചെയർമാൻ, നഗരസഭാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നഗരസഭാ കൗൺസിലർ തുടങ്ങിയവർ ഇതു സംബന്ധിച്ച് നടത്തിയ ആലോചനായോഗത്തിൽ ആരോപിച്ചതായും കൂടാതെ കീഴുദ്യോഗസ്ഥർക്ക് മുമ്പിൽ അഡീഷണൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ

ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെ പേരെടുത്തു പറഞ്ഞ് നിരന്തരം വ്യക്തിഹത്യ നടത്തുന്നതായി നഗരസഭ ചെയർമാൻ ആരോപിച്ചതായും ടിയാൻ തോക്ക് ദുരുപയോഗം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ പരാതിയും തുടർ നടപടികൾക്കും റിപ്പോർട്ടിനുമായി ജില്ലാ പോലീസ് ചീഫിന് നൽകിയിട്ടുണ്ടെന്നും പരാമർശിത കത്ത് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, 2019 നവംബർ 30-ന് ചേർന്ന ജില്ലാവികസനസമിതി യോഗത്തിൽ ബഹു. ഇരിക്കൂർ എം.എൽ.എ. ടിയാന്റെ നിരുത്തരവാദിത്തപരമായ പെരുമാറ്റം സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഭിന്നശേഷിയുള്ള 9 വയസ്സുള്ള കുട്ടിയുടെ പെൻഷൻ തടഞ്ഞു വെച്ചതുമായി ബന്ധപ്പെട്ട് ശ്രീ.ഗണേഷ് പി.വി. 28.11.2019- ന് സമർപ്പിച്ച പരാതിയും പ്രളയദുരിതത്തിൽപ്പെട്ടുഴലുന്ന ശ്രീകണ്ഠപുരം ടൗണിലെ വ്യാപാരികൾക്ക് യാതൊരുവിധ സഹായവും ചെയ്യാതെ അവരെ മാനസികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായി ശ്രീകണ്ഠപുരം വ്യാപാരി വ്യവസായി സമിതി സെക്രട്ടറി ശ്രീ.കെ.കെ.രാമചന്ദ്രൻ 04.12.2019 ന് സമർപ്പിച്ച പരാതിയും നിലവിലുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ജില്ലാതലത്തിൽ വിളിക്കുന്ന മീറ്റിംഗുകളിലും സംസ്ഥാന ശുചിത്വമിഷൻ വിളിക്കുന്ന വീഡിയോ കോൺഫറൻസുകളിലും പകരക്കാരെ പങ്കെടുപ്പിക്കാറാണ് പതിവെന്നും ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ടിയാൻ പാലിക്കേണ്ട ഔദ്യോഗിക ജോലികളിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നതെന്നും മേലുദ്യോഗസ്ഥന്മാരെ പേരെടുത്തു പറഞ്ഞ് അവർ പറയുന്നത് കേൾക്കാൻ എനിക്ക് ബാധ്യതയില്ല എന്ന നിലയിൽ പൊതുജന മധ്യത്തിൽ സംസാരിക്കുന്നത് ശീലമാക്കി മാറ്റിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറി ശ്രീ.എ.പ്രവീൺ പാലിക്കേണ്ട ഔദ്യോഗിക ജോലികളിൽ ഗുരുതരമായ

വീഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. പൊതുജനം ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിലുള്ള കുറ്റകരമായ വീഴ്ചകളാണ് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നത്. കൂടാതെ ടിയാനെതിരെയുള്ള ആരോപണങ്ങളെല്ലാം അതീവ ഗൗരവതരമാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി അന്വേഷണം നടത്തേണ്ടതുണ്ട്. ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറി ശ്രീ.എ.പ്രവീണിനെ സർവീസിൽ തുടരുവാൻ അനുവദിച്ചു കൊണ്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നത് ഉചിതമല്ല എന്ന് സർക്കാർ കരുതുന്നു.

5. മേൽ സാഹചര്യത്തിൽ, ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറി ശ്രീ.എ.പ്രവീണിനെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(a) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.എ.പ്രവീണിന് കേരളാ സർവീസ് റൂൾസ് ഭാഗം I ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

**പകർപ്പ്-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കളക്ടർ, കണ്ണൂർ ജില്ല.

ശ്രീ.എ.പ്രവീൺ, സെക്രട്ടറി, ശ്രീകണ്ഠപുരം നഗരസഭ ( നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )

ചെയർമാർ, ശ്രീകണ്ഠപുരം നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ